"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസം - റൂസ പദ്ധതി പ്രകാരം സംസ്ഥാനത്ത് അനുവദിക്കപ്പെട്ട മോഡൽ ഡിഗ്രി കോളേജ് പ്രവർത്തനമാരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.310/2025/HEDN തീയതി,തിരുവനന്തപുരം, 22-05-2025

---

പരാമർശം:- 1) സ.ഉ.(സാധാ)നം.3406/2024/GEDN തീയതി 30.05.2024.

2) സ.ഉ.(കൈ)നം.129/2024/RD തീയതി 15.07.2024.

3) സ.ഉ.(സാധാ)നം.1003/2024/GEDN തീയതി 08.08.2024.

4) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 10.09.2024 തീയതിയിലെ DCETVM/4090/2024-P1-Part(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേന്ദ്ര പദ്ധതിയായ റൂസ (RUSA) പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു മോഡൽ ഡിഗ്രി കോളേജ് സ്ഥാപിക്കുന്നതിന്, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വയനാട്, തൃശ്ശിലേരി ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ വകയിലുള്ള 5 ഏക്കർ സ്ഥലം വിട്ടുനൽകുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലം, റൂസ പദ്ധതി മുഖേനയുള്ള മോഡൽ ഡിഗ്രി കോളേജിന്റെ നിർമ്മാണത്തിനായി സേവനവകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ പ്രസ്തുത സ്ഥലത്ത് റൂസ പദ്ധതിയ്ക്ക് കീഴിൽ ഒരു മോഡൽ ഡിഗ്രി കോളജ് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. തുടർന്ന്, റൂസ പദ്ധതിയിലെ മോഡൽ ഡിഗ്രി കോളേജ് പ്രവർത്തനം ആരംഭിക്കുന്നതിനായി, നിലവിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ വിവിധ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ പി.ജി. വെയിറ്റേജ് ഒഴിവാക്കിയപ്പോഴും എം.ഫിൽ നിർത്തലാക്കിയപ്പോഴും ഉണ്ടായ അധിക അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി തുടങ്ങാനാവുന്ന കോഴ്സുകളായ (1) B.Sc. Geo - Informatics and Remote Sensing, (2) B.Sc Psychology and Neuro Sciences, (3) B.Com Finance with Forensic Accounting, (4) BA English Language and Literature, (5) BA Malayalam എന്നീ 5 കോഴ്സുകൾ സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ തൃശ്ശിലേരി വില്ലേജിൽ, പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ 5

ഏക്കർ ഭൂമിയിൽ റൂസ പദ്ധതി പ്രകാരം സംസ്ഥാനത്ത് അനുവദിക്കപ്പെട്ട മോഡൽ ഡിഗ്രി കോളേജ് പ്രവർത്തനം ആരംഭിക്കുന്നതിന് താഴെപ്പറയുന്ന പ്രകാരം ഉത്തരവാകുന്നു :

1. നിലവിലുള്ള അധിക അധ്യാപക തസ്തികകൾ പുനർവിന്യസിച്ച് കൊണ്ട് സാമ്പത്തിക ബാദ്ധ്യതയില്ലാതെ ചുവടെ പറയുന്ന 5 പുതിയ കോഴ്സുകളോടെ വയനാട് ജില്ലയിൽ റൂസ മോഡൽ ഡിഗ്രി കോളേജ് ആരംഭിയ്ക്കുന്നതിന് അനുമതി നൽകുന്നു :

- B.Sc. Geo - Informatics and Remote Sensing
- B.Sc Psychology and Neuro Sciences
- B.Com Finance with Forensic Accounting
- BA English Language and Literature
- BA Malayalam

2. കോളേജിന്റെ പ്രവർത്തനത്തിനു ആവശ്യം വേണ്ടുന്ന ചുവടെ പറയുന്ന അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു :

| **തസ്തിക** | **അനധ്യാപക തസ്തികകളുടെ എണ്ണം** | **പതിനൊന്നാം ശമ്പള പരിഷ്കരണ പ്രകാരമുള്ള സ്കെയിൽ** | **റിമാർക്സ്** |
|---|---|---|---|
| Clerk | 1 | 26500- 60700 | |
| Librarian Grade IV | 1 | 31100-66800 | |
| Office Attendant | 1 | 730/day | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന |
| Night Watchman | 1 | 755/day | KEXCON മുഖേന |
| Sweeper cum sanitation worker | 2 | 675/day | കുടുംബശ്രീ മുഖേന |

3. വയനാട് മോഡൽ ഡിഗ്രി കോളേജിൽ B.Sc Psychology & Neuro Sciences വിഭാഗത്തിൽ Neuroscience-ൽ സ്പെഷ്യലൈസേഷൻ ഉള്ള ഒരു അതിഥി അധ്യാപകനെ അപ്രകാരം നിയമിക്കപ്പെടുന്ന അതിഥി അധ്യാപകന് യു.ജി.സി യോഗ്യത ഉണ്ടെങ്കിൽ, പുതുക്കിയ നിരക്കുകൾ പ്രകാരം, പ്രതിദിനം 2200/- രൂപ നിരക്കിൽ ഒരു മാസം പരമാവധി 50,000/-രൂപയും, യു.ജി.സി യോഗ്യത ഇല്ലായെങ്കിൽ പ്രതിദിനം 1800/-രൂപ നിരക്കിൽ ഒരു മാസം പരമാവധി 45,000/- രൂപയും വേതനം നൽകുന്നതിനും അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ഷർമിള മേരി ജോസഫ്**

പ്രിൻസിപ്പൽ സെക്രട്ടറി

1. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
2. സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ, റൂസ, തിരുവനന്തപുരം.

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
4. ഉന്നതവിദ്യാഭ്യാസ (എഫ്) വകുപ്പ്.
5. ധനകാര്യ വകുപ്പ്. (EDN-C2/28/2023-FIN, തീയതി 10.01.2025, 09.04.2025)
6. പൊതുവിദ്യാഭ്യാസ (എം) വകുപ്പ്
7. റവന്യൂ (എൽ) വകുപ്പ്
8. പൊതുഭരണ (എസ്.സി.) വകുപ്പ്. (20.05.2025 ലെ ഇനം നം.2968 പ്രകാരം)
9. www.highereducation.kerala.gov.in
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (B1/409/2018-HEDN)

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
Date: 22-05-2025 17:46:46
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്

ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്.

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 20-05-2025**

ഫയൽ നം. ബി1/409/2018/ഉ.വി.വ. ഇനം നം: 2968

വിഷയം : ഉന്നതവിദ്യാഭ്യാസ വകുപ്പ് - വയനാട് ജില്ലയിൽ റൂസ (RUSA) പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു മോഡൽ ഡിഗ്രി കോളേജ് പുതിയ 5 കോഴ്സുകളോടെ ആരംഭിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

21/5/25

AS (HE) - B

## കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ബി1/409/2018/ഉ.വി.വ. |
| 2. | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് |
| 3. | വിഷയം | : | വയനാട് ജില്ലയിൽ റൂസ (RUSA) പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു മോഡൽ ഡിഗ്രി കോളേജ് പുതിയ 5 കോഴ്സുകളോടെ ആരംഭിക്കുന്നത് – സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12.05.2025 (നോട്ട് #304) |
| 5. | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. അനിൽകുമാർ വി.എസ്. |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ. ഷർമിള മേരി ജോസഫ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 16.05.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17.05.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ. ആർ. ബിന്ദു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 19.05.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19.05.2025 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 20.05.2025 |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

വയനാട് ജില്ലയിൽ കേന്ദ്രപദ്ധതിയായ റൂസ (RUSA) യിൽ ഉൾപ്പെടുത്തി ഒരു സർക്കാർ മോഡൽ ഡിഗ്രി കോളേജ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2. കേന്ദ്രപദ്ധതിയായ റൂസ (RUSA) യിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ ഒരു പുതിയ മോഡൽ ഡിഗ്രി കോളേജ് ആരംഭിക്കുന്നതിന് 15.12.2018 ലെ G.O.(Rt)No.2249/2018/HEDN ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. 19.06.2019 ലെ G.O.(Rt)No.1004/2019/HEDN ഉത്തരവ് പ്രകാരം പ്രസ്തുത മോഡൽ ഡിഗ്രി കോളേജ് വൈത്തിരി താലൂക്കിൽ നിന്ന് മാനന്തവാടി താലൂക്കിലെ പെരിയ വില്ലേജിലേക്ക് മാറ്റുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ബന്ധപ്പെട്ട ഭൂമി സംബന്ധിച്ച് ബഹു. സുപ്രീം കോടതി മുമ്പാകെയുള്ള കേസുകൾ കാരണം കോളേജിന്റെ കെട്ടിട നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല.

3. തുടർന്ന്, അനുയോജ്യമായ മറ്റൊരു ഭൂമി കണ്ടെത്തുന്നതിന് റൂസ സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ അഭ്യർത്ഥിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുകയും വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ തൃശ്ശിലേരി വില്ലേജിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ 5 ഏക്കർ ഭൂമി മോഡൽ ഡിഗ്രി കോളേജിന്റെ നിർമ്മാണത്തിനായി അനുവദിച്ചുകൊണ്ടും കോളേജിന്റെ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിക്കൊണ്ടും 08.08.2024 തീയതിയിലെ G.O.(Rt)No.1003/2024/HEDN പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. സംസ്ഥാനത്ത് അനുവദിക്കപ്പെട്ട മോഡൽ ഡിഗ്രി കോളേജിന് കേന്ദ്രവിഹിതമായി 3.6 കോടി രൂപയും (29.12.2022 ൽ) സംസ്ഥാന വിഹിതമായി 2.4 കോടി രൂപയും (01.02.2023 ൽ) ചേർത്ത് ആകെ 6 കോടി രൂപ കെട്ടിട നിർമ്മാണത്തിനായി അനുവദിക്കപ്പെടുകയും, ആയത് റൂസ ഫണ്ടിൽ വരവുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

5. റൂസ മോഡൽ ഡിഗ്രി കോളജിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കക്ഷേമ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 04.09.2024 ൽ ചേർന്ന യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള അധിക അധ്യാപക തസ്തികകൾ പ്രയോജനപ്പെടുത്തി, കുറഞ്ഞത് 3 ബിരുദ

പ്രോഗ്രാമുകളോടെ റൂസ പദ്ധതിയിലെ മോഡൽ ഡിഗ്രി കോളേജ് പ്രവർത്തനം ആരംഭിക്കുന്നതിനായി അധിക സാമ്പത്തിക ബാധ്യതയില്ലാതെ തന്നെ തുടങ്ങാവുന്ന ബിരുദ പ്രോഗ്രാമുകൾ കണ്ടെത്തി തുടർനടപടി സ്വീകരിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. ടി നിർദ്ദേശത്തിനനുസൃതമായി, നിലവിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ വിവിധ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ പി.ജി. വെയിറ്റേജ് ഒഴിവാക്കിയപ്പോഴും, എം.ഫിൽ നിർത്തലാക്കിയപ്പോഴും ഉണ്ടായ അധിക അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി തുടങ്ങാനാവുന്ന താഴെപ്പറയുന്ന 5 കോഴ്സുകൾ സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

1. B.Sc. Geo – Informatics and Remote Sensing
2. B.Sc. Psychology and Neuro Sciences
3. B.Com. Finance with Forensic Accounting
4. B.A. English Language and Literature
5. B.A. Malayalam

6. പ്രസ്തുത പ്രൊപ്പോസൽ പ്രകാരം മോഡൽ ഡിഗ്രി കോളേജിന് വേണ്ടിവരുന്ന അധ്യാപക തസ്തികകളിലേയ്ക്ക് അധിക അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ് എന്നും, അനധ്യാപക തസ്തികകൾക്ക് (ആകെ 14 എണ്ണം) മൊത്തം 45,33,600/- രൂപ (നാൽപ്പത്തിയഞ്ച് ലക്ഷത്തി മുപ്പത്തിമൂവായിരത്തി അറുന്നൂറ് രൂപ മാത്രം) വാർഷിക സാമ്പത്തിക ബാധ്യത പ്രതീക്ഷിക്കുന്നതായും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

7. കോളേജിന്റെ കെട്ടിട നിർമ്മാണത്തിനുണ്ടാകാവുന്ന സ്വാഭാവിക കാലതാമസം പരിഗണിച്ചുകൊണ്ട് കോഴ്സുകൾ അനുവദിച്ചു കിട്ടുന്ന മുറയ്ക്ക് ഉടൻതന്നെ ക്ലാസുകൾ ആരംഭിക്കാനായുള്ള ബദൽ സംവിധാനം ഏർപ്പെടുത്താവുന്നതാണ്. മാനന്തവാടി ഗവൺമെന്റ് കോളേജിന്റെ ഉടമസ്ഥതയിലുള്ള, നിലവിൽ IHRD കോളേജ് പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിൽ സൗകര്യങ്ങൾ ഒരുക്കാവുന്നതാണ്. പുതിയ കോളേജ് കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതു വരെ ക്ലാസ്സുകൾ നടത്തുന്നതിന്, അറ്റകുറ്റപ്പണികൾക്കും, അത്യാവശ്യ ഫർണിച്ചർ സൗകര്യങ്ങൾക്കും ആവശ്യമായ തുക അനുവദിക്കേണ്ടതുണ്ട്.

8. നിലവിലുള്ള അധിക തസ്തികകൾ പുനർവിന്യസിച്ചു കൊണ്ട് അധിക സാമ്പത്തിക ബാദ്ധ്യതയില്ലാതെ കോഴ്സുകൾ അനുവദിയ്ക്കാൻ കഴിയും എന്നും, ഈ സാഹചര്യത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ച 5 പുതിയ

കോഴ്സുകളോടെ റൂസ മോഡൽ ഡിഗ്രി കോളേജ് ആരംഭിയ്ക്കുന്നതിന് നടപടികൾ ആരംഭിയ്ക്കാവുന്നതാണ് എന്നും ശിപാർശ ചെയ്തുകൊണ്ട് ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഫയൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് നൽകുകയുണ്ടായി. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി :

*"നിലവിലുള്ള അധിക തസ്തികകൾ ടീച്ചിങ് & നോൺ ടീച്ചിങ് സ്റ്റാഫ് ഉൾപ്പെടെ പുനർവിന്യസിച്ചു കൊണ്ട് സാമ്പത്തിക ബാദ്ധ്യതയില്ലാതെ ചുവടെ പറയുന്ന 5 പുതിയ കോഴ്സുകളോടെ വയനാട് ജില്ലയിൽ റൂസ മോഡൽ ഡിഗ്രി കോളേജ് ആരംഭിയ്ക്കുന്നതിനു ധനകാര്യ വകുപ്പ് അനുമതി നൽകുന്നു.*

- *B.Sc. Geo – Informatics and Remote Sensing*
- *B.Sc Psychology and Neuro Sciences*
- *B.Com Finance with Forensic Accounting*
- *BA English Language and Literature*
- *BA Malayalam*

*ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് "*

9. റൂസ മോഡൽ ഡിഗ്രി കോളേജ് അനുവദിക്കുന്ന വിഷയത്തിന്മേൽ ഉത്തരവിനായി ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി മുഖേന ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

10. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം മേൽ കോഴ്സുകളോടെ കോളേജ് ആരംഭിക്കാൻ 21 അധ്യാപക തസ്തികകൾ ആവശ്യമാണ്. ഇതിൽ Neuroscience–ൽ ഒരു അധ്യാപക തസ്തിക ഒഴികെ ബാക്കിയുള്ള തസ്തികകളെല്ലാം വകുപ്പിൽ നിലവിലുള്ള അധിക അധ്യാപകരെ ഉപയോഗിച്ച് നികത്താവുന്നതാണ്. ഇതിൽ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. Neuroscience വിഭാഗത്തിൽ ഒരു അതിഥി അധ്യാപകനെ നിയമിക്കുന്നതുവഴി 4,37,500/- രൂപ പ്രതിവർഷം അധികമായി വേണ്ടിവരും. കൂടാതെ, കോളേജ് ഓഫീസിന്റെ മിനിമം പ്രവർത്തനത്തിന് അവശ്യം വേണ്ടതെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത 5 അനധ്യാപക തസ്തികകൾ (സീനിയർ സൂപ്രണ്ട് – 1, ഹെഡ് അക്കൗണ്ടന്റ് – 1, ക്ലാർക്ക് – 2, ലൈബ്രേറിയൻ ഗ്രേഡ് IV – 1) അനുവദിക്കുന്നതിനും, അറ്റൻഡർ – 1, ഓഫീസ് അറ്റൻഡന്റ് – 2, നൈറ്റ് വാച്ച്മാൻ – 1, സ്വീപ്പർ – 2, സാനിറ്റേഷൻ വർക്കർ – 2 എന്നീ തസ്തികകളിലേയ്ക്ക് ജീവനക്കാരെ കുടുംബശ്രീ / KEXCON / എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്നതിനുമായി ആകെ 45,33,600/- രൂപ

(നാൽപ്പത്തിയഞ്ച് ലക്ഷത്തി മുപ്പത്തിമൂവായിരത്തി അറുന്നൂറ് രൂപ മാത്രം) പ്രതിവർഷം സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടുണ്ട്.

11. ആയതിന്റെക്കൂടി അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഇനങ്ങളിന്മേൽ തീരുമാനത്തിനായി മന്ത്രിസഭായോഗ പരിഗണനയ്ക്കായി കരട് കുറിപ്പ് അംഗീകാരത്തിന് സമർപ്പിച്ചു :

1. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള അധിക അധ്യാപക തസ്തികകൾ ഉപയോഗിച്ചുകൊണ്ട് അധിക സാമ്പത്തിക ബാദ്ധ്യതയില്ലാതെ (1) B.Sc. Geo – Informatics and Remote Sensing, (2) B.Sc Psychology and Neuro Sciences, (3) B.Com Finance with Forensic Accounting, (4) BA English Language and Literature, (5) BA Malayalam എന്നീ 5 പുതിയ കോഴ്സുകളോടെ കോളേജ് ആരംഭിക്കുന്നതിന് അനുമതി നൽകാമോ ?

2. B.Sc. Psychology and Neuroscience കോഴ്സിലേയ്ക്ക് Neuroscience-ൽ സ്പെഷ്യലൈസേഷൻ ഉള്ള ഒരു അതിഥി അധ്യാപകനെ നിയമിക്കുന്നതിന് അനുമതി നൽകാമോ ?

3. കോളേജ് ഓഫീസിന്റെ മിനിമം പ്രവർത്തനത്തിന് അവശ്യം വേണ്ടതെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത 5 അനധ്യാപക തസ്തികകൾ (സീനിയർ സൂപ്രണ്ട് – 1, ഹെഡ് അക്കൗണ്ടന്റ് – 1, ക്ലാർക്ക് – 2, ലൈബ്രേറിയൻ ഗ്രേഡ് IV– 1) സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ ?

4. കോളേജിന്റെ പ്രവർത്തനത്തിന് അറ്റൻഡർ – 1, ഓഫീസ് അറ്റൻഡന്റ് – 2, നൈറ്റ് വാച്ച്മാൻ – 1, സ്വീപ്പർ – 2, സാനിറ്റേഷൻ വർക്കർ – 2 എന്നീ തസ്തികകളിലേയ്ക്ക് ജീവനക്കാരെ കുടുംബശ്രീ / KEXCON / എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് അനുമതി നൽകാമോ ?

12. മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിന്റെ കരട് അംഗീകരിക്കുന്നതിനായി ഫയൽ സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി താഴെപ്പറയുന്ന പ്രകാരം ഉത്തരവായി :

*"മന്ത്രിസഭാകുറിപ്പിലെ തീരുമാനിക്കേണ്ട കാര്യത്തിൽ 1-ാം നമ്പർ കാര്യത്തിന് മാത്രമാണ് ധനകാര്യ വകുപ്പിന്റെയും ബഹു. മുഖ്യമന്ത്രിയുടെയും അംഗീകാരമുള്ളത്. മറ്റ് കാര്യങ്ങളിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരം/അഭിപ്രായം ലഭ്യമാക്കി ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നില്ല. അതിനാൽ തീരുമാനിക്കേണ്ട*

*കാര്യത്തിലെ മറ്റ് കാര്യങ്ങളിൽ കൂടി ധനവകുപ്പിന്റെ അംഗീകാരവും/അഭിപ്രായവും ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവും ലഭ്യമാക്കിയ ശേഷം മന്ത്രിസഭാ കുറിപ്പ് പുതുക്കി സമർപ്പിക്കുക."*

13. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി :

*"വയനാട് സർക്കാർ മോഡൽ ഡിഗ്രി കോളേജ് തുടങ്ങുന്നതിനുള്ള അനുമതിയ്ക്കായി മന്ത്രിസഭായോഗ പരിഗണനയ്ക്കായി കരട് കുറിപ്പിന്റെ ഇനം നം.2,3,4 എന്നിവയിൽ ചുവടെ പറയും പ്രകാരം ഭരണ വകുപ്പിനെ അറിയിക്കുന്നു.*

*a. സ്ഥാപനത്തിന്റെ പ്രവർത്തനത്തിനു ആവശ്യം വേണ്ടുന്ന ചുവടെ പറയുന്ന അനധ്യാപക തസ്തികകൾക്ക് അനുമതി നൽകുന്നു.*

| തസ്തിക | അനധ്യാപക തസ്തികകളുടെ എണ്ണം | പതിനൊന്നാം ശമ്പള പരിഷ്കരണ പ്രകാരമുള്ള സ്കെയിൽ | റിമാർക്സ് |
|---|---|---|---|
| Clerk | 1 | 26500- 60700 | |
| Librarian Grade IV | 1 | 31100-66800 | |
| Office Attendant | 1 | 730/day | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന |
| Night Watchman | 1 | 755/day | KEXCON മുഖേന |
| Sweeper cum sanitation worker | 2 | 675/day | കുടുംബശ്രീ മുഖേന |

*b. വയനാട് മോഡൽ ഡിഗ്രി കോളേജിൽ B.Sc Psychology & Neuro Sciences വിഭാഗത്തിൽ Neuroscience-ൽ സ്പെഷ്യലൈസേഷൻ ഉള്ള ഒരു അതിഥി അധ്യാപകനെ നിയമിക്കാവുന്നതും, നിയമിക്കുന്ന അതിഥി അധ്യാപകന് യു.ജി.സി യോഗ്യത ഉണ്ടെങ്കിൽ, പുതുക്കിയ നിരക്കുകൾ പ്രകാരം, പ്രതിദിനം 2200/- രൂപ നിരക്കിൽ ഒരു മാസം പരമാവധി 50,000/- രൂപയും യു.ജി.സി യോഗ്യത ഇല്ലായെങ്കിൽ പ്രതിദിനം 1800/-രൂപ നിരക്കിൽ ഒരു മാസം പരമാവധി 45,000/- രൂപയും അനുവദിക്കുന്നതിനു ധനകാര്യ വകുപ്പ് അനുമതി നൽകുന്നു.*

*ഇതിനു ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

14. തുടർന്ന്, കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള അധിക അധ്യാപക തസ്തികകൾ ഉപയോഗിച്ചുകൊണ്ട് അധിക സാമ്പത്തിക ബാദ്ധ്യതയില്ലാതെ പുതിയ 5 കോഴ്സുകളോടെ വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ തൃശ്ശിലേരി വില്ലേജിൽ റൂസ പദ്ധതിയിലെ മോഡൽ ഡിഗ്രി കോളേജ് പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകുന്ന കാര്യത്തിലും, ധനവകുപ്പിന്റെ അഭിപ്രായ പ്രകാരം പ്രസ്തുത കോളേജിൽ അതിഥി അധ്യാപകരെ നിയമിക്കുന്ന കാര്യത്തിലും അനധ്യാപക തസ്തികകൾക്ക് അനുമതി നൽകുന്ന കാര്യത്തിലും ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ഉത്തരവായി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

റൂസ പദ്ധതി പ്രകാരം സംസ്ഥാനത്ത് അനുവദിക്കപ്പെട്ട മോഡൽ ഡിഗ്രി കോളേജ് വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ തൃശ്ശിലേരി വില്ലേജിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ 5 ഏക്കർ ഭൂമിയിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പ് സമ്മതിച്ച പ്രകാരം (8, 13 ഖണ്ഡികകൾ) അംഗീകരിക്കാമോ ?

# GOVERNMENT OF KERALA
## (Shri. Pinarayi Vijayan Ministry)

## Note for the Council of Ministers

| | | | |
|---|---|---|---|
| 1. | File No. | : | B1/409/2018-HEDN |
| 2. | Department | : | Higher Education (B) Department |
| 3. | Subject | : | Establishing New Model Degree College with 5 new courses in Wayanad district under RUSA project – Reg. |
| 4. | Date of Chief Minister's order for placing before the Council | : | 12.05.2025 (Note #304) |
| 5. | (i) Does the case involve financial commitments/ implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Dept. has been consulted and their remarks incorporated in the Council Note. | : | Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Additional Secretary who submitted the draft Note | : | Sri. Anil Kumar V.S. |
| 8. | Name of Principal Secretary who approved the Draft Note | : | Dr. Sharmila Mary Joseph |
| 9. | Date of approval of the Draft Note for the Council by the Principal Secretary | : | 16.05.2025 |
| 10. | Name of Chief Secretary who approved the Draft Note | : | Dr. A. Jayathilak |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 17.05.2025 |
| 12. | Name of Minister who approved the Draft Note: | : | Dr. R. Bindu |
| 13. | Date of approval of the Draft Note for the Council by the Minister | : | 19.05.2025 |
| 14. | Date of submission of fair copies | : | 19.05.2025 |
| 15. | Date of decision by the Council of Ministers | : | 20.05.2025 |

## Note for the Council of Ministers

This note is related to the subject matter of sanctioning a Government Model Degree College under the RUSA project of Government of India in Wayanad district.

2. Government, vide G.O.(Rt)No.2249/2018/HEDN dated 15.12.2018, had given in-principle-approval for starting a new Model Degree College in Vythiri Taluk in Wayanad district under the RUSA project of Government of India. As per G.O.(Rt)No.1004/2019/HEDN dated 19.06.2019, permission was granted by the Government to shift the location of the said Model Degree College from Vythiri Taluk to Periya Village in Mananthavadi Taluk. But, due to the pendency of cases before the Hon'ble Supreme Court regarding the land identified for the new Model Degree College, the construction work for the college has not been started.

3. Subsequently, the State Project Coordinator, RUSA requested to grant another suitable land to the college. Accordingly, Government examined the matter in detail and issued G.O.(Rt)No.1003/2024/HEDN dated 08.08.2024 allocating 5 acres of land that got transferred to the Higher Education Department from the General Education Department at Thrissileri Village in Mananthavadi Taluk in Wayanad District for the construction of a new Model Degree College and giving permission for the construction of the college.

4. For the Model Degree College sanctioned in the State, a total of Rs.6 crores has been sanctioned for building construction, with a central allocation of Rs.3.6 crores (on 29.12.2022) and State allocation of Rs.2.4 crores (on 01.02.2023) and the same has also been credited in the RUSA fund.

5. Pursuant to the decision of the meeting held on 04.09.2024 presided by the Hon'ble Minister for Higher Education and in the presence of the Hon'ble Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes regarding the immediate functioning of RUSA Model Degree College,

the Director of Collegiate Education has been directed to take further steps to identify graduate programs that can be started without additional financial burden, and by utilizing the existing surplus teaching posts in the department, to start functioning of the college with at least 3 degree programs. Accordingly, the Director of Collegiate Education submitted a detailed proposal regarding the following 5 courses that can be started by utilizing the service of those teachers found surplus when P.G weightage in various subjects was avoided and M.Phil was discontinued.

1. B.Sc. Geo - Informatics and Remote Sensing
2. B.Sc. Psychology and Neuro Sciences
3. B.Com. Finance with Forensic Accounting
4. B.A. English Language and Literature
5. B.A. Malayalam

6. According to the said proposal, the service surplus teachers can be availed for the teaching posts required by the Model Degree College. However, the Director of Collegiate Education has estimated a total annual financial burden of Rs.45,33,600/- (Rupees Forty Five Lakh, Thirty Three Thousand, Six Hundred only) for non-teaching posts (14 in total).

7. Considering the natural delay that may occur in the construction of the college, an alternative system may be introduced to start the classes as soon as the courses are sanctioned. Facilities can be provided in the building owned by Mananthavadi Government College, where IHRD College is currently functioning. Necessary amount has to be sanctioned for maintenance and necessary furniture facilities till the completion of the new college building.

8. The Hon'ble Minister for Higher Education forwarded the file to the Hon'ble Minister for Finance with recommendation that the courses can be sanctioned without additional financial liability by redeploying existing surplus teaching posts, and in the circumstances, steps can be taken to start the Model

Degree College under RUSA project with 5 new courses suggested by the Director of Collegiate Education. The Finance Department opined as follows:

*"നിലവിലുള്ള അധിക തസ്തികകൾ ടീച്ചിങ് & നോൺ ടീച്ചിങ് സ്റ്റാഫ് ഉൾപ്പെടെ പുനർവിന്യസിച്ചു കൊണ്ട് സാമ്പത്തിക ബാദ്ധ്യതയില്ലാതെ ചുവടെ പറയുന്ന 5 പുതിയ കോഴ്സുകളോടെ വയനാട് ജില്ലയിൽ റൂസ മോഡൽ ഡിഗ്രി കോളേജ് ആരംഭിയ്ക്കുന്നതിനു ധനകാര്യ വകുപ്പ് അനുമതി നൽകുന്നു.*

- *B.Sc. Geo – Informatics and Remote Sensing*
- *B.Sc Psychology and Neuro Sciences*
- *B.Com Finance with Forensic Accounting*
- *BA English Language and Literature*
- *BA Malayalam*

*ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് "*

9. When the file was submitted to the Hon’ble Chief Minister, through Hon'ble Minister for Higher Educaion for orders on the issue of granting permission to establish RUSA Model Degree College, the Hon’ble Chief Minister ordered to place the matter before the Council of Ministers.

10. As per the report of the Director of Collegiate Education, 21 teaching posts are required for starting the college with the above courses. Of this, all the teaching posts except one in Neuroscience can be filled utilizing the surplus teaching posts existing in the department. There is no financial liability in this regard. Towards appointing a guest lecturer in Neuroscience department, an amount of Rs. 4,37,500/- (Rupees Four Lakh, Thirty Seven Thousand, Five Hundred only) is expected as additional annual financial liability. Further, an amount of Rs. 45,33,600/- (Rupees Forty Five Lakh, Thirty Three Thousand, Six Hundred only) is expected as annual financial liability towards creating 5 non-teaching posts (Senior Superintendent – 1, Head Accountant – 1, Clerk – 2, Librarian Grade IV – 1) and for engaging employees to the posts viz., Attender – 1, Office Attendant – 2, Night Watchman – 1, Sweeper – 2, Sanitation Worker –

2 through Kudumbasree / KEXCON / Employment Exchange on daily wage basis for the functioning of the college as recommended by the Director of Collegiate Education.

11. Based on this, a draft note was submitted for approval for consideration of the Council of Ministers for decision on the following items:

1. Whether permission may be granted to start the college with the new 5 courses viz., (1) B.Sc. Geo - Informatics and Remote Sensing, (2) B.Sc Psychology and Neuro Sciences, (3) B.Com Finance with Forensic Accounting, (4) BA English Language and Literature, (5) BA Malayalam utilizing the service of surplus teaching posts existing in the Department of Collegiate Education ?
2. Whether permission may be granted for appointment of a guest lecturer having specialization in Neuroscience for B.Sc. Psychology and Neuroscience course ?
3. Whether permission may be granted for creation of 5 non-teaching posts (Senior Superintendent – 1, Head Accountant – 1, Clerk – 2, Librarian Grade IV – 1) recommended by the Director of Collegiate Education for the functioning of the college office ?
4. Whether permission may be granted for engaging employees to the posts viz., Attender – 1, Office Attendant – 2, Night Watchman – 1, Sweeper – 2, Sanitation Worker – 2, through Kudumbasree / KEXCON / Employment Exchange on daily wage basis for the functioning of the college ?

12. When the draft of the note for the Council of Ministers was submitted for approval, the Chief Secretary ordered as follows :

*" മന്ത്രിസഭാകുറിപ്പിലെ തീരുമാനിക്കേണ്ട കാര്യത്തിൽ 1-ാം നമ്പർ കാര്യത്തിന് മാത്രമാണ് ധനകാര്യ വകുപ്പിന്റെയും ബഹു. മുഖ്യമന്ത്രിയുടെയും അംഗീകാരമുള്ളത. മറ്റ് കാര്യങ്ങളിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരം/അഭിപ്രായം ലഭ്യമാക്കി ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നില്ല. അതിനാൽ*

*തീരുമാനിക്കേണ്ട കാര്യത്തിലെ മറ്റ് കാര്യങ്ങളിൽ കൂടി ധനവകുപ്പിന്റെ അംഗീകാരവും/അഭിപ്രായവും ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവും ലഭ്യമാക്കിയ ശേഷം മന്ത്രിസഭാ കുറിപ്പ് പുതുക്കി സമർപ്പിക്കുക."*

13. When the Finance Department was sought for its opinion on the matter based on the said order, that department opined as follows :

*'വയനാട് സർക്കാർ മോഡൽ ഡിഗ്രി കോളേജ് തുടങ്ങുന്നതിനുള്ള അനുമതിയ്ക്കായി മന്ത്രിസഭായോഗ പരിഗണനയ്ക്കായി കരട് കുറിപ്പിന്റെ ഇനം നം. 2,3,4 എന്നിവയിൽ ചുവടെ പറയും പ്രകാരം ഭരണ വകുപ്പിനെ അറിയിക്കുന്നു.*

*a. സ്ഥാപനത്തിന്റെ പ്രവർത്തനത്തിനു ആവശ്യം വേണ്ടുന്ന ചുവടെ പറയുന്ന അനധ്യാപക തസ്തികകൾക്ക് അനുമതി നൽകുന്നു.*

| *തസ്തിക* | *അനധ്യാപക തസ്തികകളുടെ എണ്ണം* | *പതിനൊന്നാം ശമ്പള പരിഷ്കരണ പ്രകാരമുള്ള സ്കെയിൽ* | *റിമാർക്സ്* |
|---|---|---|---|
| *Clerk* | *1* | *26500- 60700* | |
| *Librarian Grade IV* | *1* | *31100-66800* | |
| *Office Attendant* | *1* | *730/day* | *എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന* |
| *Night Watchman* | *1* | *755/day* | *KEXCON മുഖേന* |
| *Sweeper cum sanitation worker* | *2* | *675/day* | *കുടുംബശ്രീ മുഖേന* |

*b. വയനാട് മോഡൽ ഡിഗ്രി കോളേജിൽ B.Sc Psychology & Neuro Sciences വിഭാഗത്തിൽ Neuroscience-ൽ സ്പെഷ്യലൈസേഷൻ ഉള്ള ഒരു അതിഥി അധ്യാപകനെ നിയമിക്കാവുന്നതും, നിയമിക്കുന്ന അതിഥി അധ്യാപകന് യു.ജി.സി യോഗ്യത ഉണ്ടെങ്കിൽ, പുതുക്കിയ നിരക്കുകൾ പ്രകാരം, പ്രതിദിനം 2200/- രൂപ*

*നിരക്കിൽ ഒരു മാസം പരമാവധി 50,000/-രൂപയും യു.ജി.സി യോഗ്യത ഇല്ലായെങ്കിൽ പ്രതിദിനം 1800/-രൂപ നിരക്കിൽ ഒരു മാസം പരമാവധി 45,000/- രൂപയും അനുവദിക്കുന്നതിനു ധനകാര്യ വകുപ്പ് അനുമതി നൽകുന്നു.*

*ഇതിനു ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

14. Then, file was submitted to Hon. Chief Minister for orders on starting the Model Degree College under the RUSA Project at Thrissileri Village in Mananthavadi Taluk, Wayanad District with 5 new courses by utilizing the existing excess teaching posts, and for appointing a Guest Lecturer in the college and for granting permission for the non-teaching posts in accordance with the remarks of Finance Department. The Hon. Chief Minister ordered to place the matter before the Council of Ministers.

**Points for Decision**

Whether the proposals for establishing a Model Degree College in the State under the RUSA project in an extent of 5 Acres of land that was transferred to Higher Education Department from the possession of General Education Department at Thrissileri Village in Mananthavadi Taluk, Wayanad District may be approved as agreed by the Finance Department (para 8 & 13) ?